അനധികൃത പെട്രോൾ പമ്പുകൾ

15 [*305] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അനധികൃത പെട്രോൾ പമ്പിന്റെ പ്രവർത്തനം മൂലവും അനധികൃത ഡീസൽ പെട്രോൾ വിൽപ്പനമൂലവും വിൽപ്പന നികുതിയിനത്തിൽ സംസ്ഥാനത്തിന് എത്ര നഷ്ടമുണ്ടാകുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാൻ നടപടി

16 [*306] ശ്രീ. ഇ. എം. അഗസ്തി :
,, എം. എ. ചന്ദ്രശേഖരൻ :
,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യവർജ്ജനത്തെ ഏതെല്ലാം വിധത്തിൽ പ്രോത്സാഹിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) വ്യാജമദ്യത്തിന്റെയും സെക്കന്റ് സുകളുടെയും വില്പന ഏതു വിധത്തിൽ തടയുവാനും നിരുത്സാഹപ്പെടുത്തുവാനും ആണ് ഉദ്ദേശിക്കുന്നത്;

(സി) 18 വയസ്സിൽ താഴെയുള്ളവർക്ക് മദ്യം വിൽക്കരുതെന്ന വ്യവസ്ഥ നിഷ്കർഷമായി പാലിക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങൾ ആണ് നൽകിയിട്ടുള്ളത് ;

(ഡി) മദ്യം സ്ത്രീകൾക്ക് വിൽക്കുന്നത് നിരോധിക്കുവാൻ ഉദ്ദേശമുണ്ടോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) എല്ലാ മാസത്തിന്റെയും ആദ്യദിവസം ഉൾപ്പെടെ മദ്യഷോപ്പുകൾ അടച്ചിടുന്ന ദിവസങ്ങളുടെ എണ്ണം '16' ആയി വർദ്ധിപ്പിച്ചു.

മദ്യ-മയക്കുമരുന്ന് വിരുദ്ധ പ്രചരണ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക്, അവരുടെ പ്രവർത്തന മികവിന്റെയും അർഹതയുടെയും അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ മുഖേനയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ മുഖേനയും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly